**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3072** — **25-06-2024 - ൽ മറുപടിയ്ക്ക്**

**ട്രോളിംഗ് നിരോധന കാലത്തെ മത്സ്യബന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ട്രോളിംഗ് നിരോധന കാലത്ത് മത്സ്യബന്ധനം നടത്താൻ ഏതുതരത്തിലുള്ള യാനങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ട്രോൾ വലകൾ ഉപയോഗിയ്ക്കുന്ന യന്ത്രവത്കൃത ട്രോൾ ബോട്ടുകൾക്ക് മാത്രമാണ് സംസ്ഥാന തീരക്കടലിൽ ജൂൺ 10 മുതൽ ജൂലൈ 31 വരെ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. നിയമ വിധേയമായ മറ്റ് എല്ലാ മത്സ്യബന്ധന രീതികളും കേരള തീരത്ത് അനുവദനീയമാണ്. |
| (ബി) | അനുമതിയില്ലാത്ത യാനങ്ങൾ ട്രോളിംഗ് നിരോധനം ലംഘിച്ചുകൊണ്ട് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | അനുമതിയില്ലാത്ത യാനങ്ങൾ ട്രോളിംഗ് നിരോധനം ലംഘിച്ചുകൊണ്ട് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നതായി സംസ്ഥാനത്ത് ഒരിടത്തുനിന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. ട്രോൾ ബോട്ട് ഉടമസ്ഥരുടെയും അതിലെ തൊഴിലാളികളുടെയും പൂർണ്ണമായ സഹകരണത്തോടെയാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിവരുന്നത്. |
| (സി) | എങ്കിൽ അപ്രകാരം മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന യാനങ്ങൾക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | (സി) | 9 തീരദേശ ജില്ലകളിലും ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമലംഘനം ഇല്ലെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇതിനായി തീരദേശ ജില്ലകളിൽ പട്രോൾ ബോട്ടുകൾ വാടകയ്ക്ക് എടുത്ത് പ്രവർത്തിപ്പിയ്ക്കുന്നുണ്ട്. നിയമലംഘനങ്ങൾ കണ്ടെത്തിയാൽ പ്രസ്തുത യാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് കെ.എം.എഫ്.ആർ ആക്ട് പ്രകാരമുള്ള പിഴ അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |
| (ഡി) | മത്സ്യബന്ധന മേഖലയിൽ ജോലിയെടുക്കുന്നവർക്ക് ട്രോളിംഗ് നിരോധനം മൂലം തൊഴിൽ നഷ്ടമുണ്ടാകുന്ന സാഹചര്യത്തിൽ അവർക്കായി എന്തെങ്കിലും സമാശ്വാസ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | മത്സ്യബന്ധന മേഖലയിൽ ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യതൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. ഈ വർഷവും സൗജന്യ റേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ ധനസഹായം നൽകിവരുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും, 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ആയതിൽ മേയ് മാസം നൽകേണ്ടതായ ആദ്യ ഗഡു 1500 രൂപ അനുവദിക്കുകയും ജില്ലകളിൽ തുക വിതരണം ചെയ്തു വരുകയും ചെയ്യുന്നു. ബാക്കി തുക ജൂൺ, ജൂലൈ മാസങ്ങളിലായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ